## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2191** **06/02/2019-ൽ മറുപടിയ്ക്ക്**

## അമ്മമാർ ഉപേക്ഷിച്ച കുഞ്ഞുങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) വളർത്താനാകാത്ത സാഹചര്യം മൂലം സംസ്ഥാനത്ത് 2015 മുതൽ 2018 വരെ അമ്മമാർ ഉപേക്ഷിച്ച കുഞ്ഞുങ്ങളുടെ എണ്ണം എത്ര; ഇതിൽ ആൺ/പെൺ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) 187<br>ആൺകുട്ടികൾ -95, പെൺകുട്ടികൾ -92 |
| (ബി) പ്രസ്തുത കാലയളവിൽ ശിശുക്ഷേമ സമിതികളിൽ സ്ഥാപിച്ചിട്ടുള്ള അമ്മത്തൊട്ടിലിൽ നിന്നും എത്ര കുഞ്ഞുങ്ങളെ ലഭിച്ചു; | (ബി) 77 |
| (സി) പേരും വിലാസവും വെളിപ്പെടുത്താത്ത അമ്മമാർ, വിവാഹിതരല്ലാത്ത അമ്മമാർ, വളർത്താനാകാത്ത സാഹചര്യം ചൂണ്ടിക്കാട്ടി ദമ്പതിമാർ ഒരുമിച്ചും ഒറ്റയ്ക്കും എന്നിങ്ങനെ, എത്ര കുഞ്ഞുങ്ങളെ വീതം കൈമാറി എന്നത് ഓരോ വിഭാഗം തിരിച്ച് വ്യക്തമാക്കാമോ; | (സി) ആകെ 419 കുഞ്ഞുങ്ങളെ ഈ കാലയളവിൽ കൈമാറി ലഭിച്ചിട്ടുണ്ട്. ഓരോ വിഭാഗം തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) ഇതിൽ എത്ര കുട്ടികളെ ദമ്പതികൾ ദത്തെടുത്തു; എത്ര കുഞ്ഞുങ്ങളെ ഒറ്റയ്ക്ക് കഴിയുന്ന സ്ത്രീകൾ ദത്തെടുത്തു; | (ഡി) 367 കുട്ടികളെയാണ് ദമ്പതികൾ ദത്തെടുത്തത്. 13 കുഞ്ഞുങ്ങളെയാണ് ഒറ്റയ്ക്ക് കഴിയുന്ന സ്ത്രീകൾ ദത്തെടുത്തത്. |
| (ഇ) നിലവിൽ സംസ്ഥാനത്ത് എത്ര ദമ്പതികളാണ് ദത്തെടുക്കാൻ അപേക്ഷ നൽകി കാത്തിരിക്കുന്നത്; അറിയിക്കാമോ? | (ഇ) 1197 |

സെക്ഷൻ ഓഫീസർ